# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.12      18.03.2013 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീമതി.ഇ.എസ്.ബിജിമോൾ:<br>ശ്രീ.ഇ.ചന്ദ്രശേഖരൻ:<br>,, ചിറ്റയം ഗോപകുമാർ:<br>,, ഇ.കെ.വിജയൻ: | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിരാഹാരസമരം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സമരം തുടങ്ങിയിട്ട് എത്ര നാളുകളായി എന്നറിയിക്കുമോ; | (ബി) | 2013 ഫെബ്രുവരി 18 ന് ആരംഭിച്ച നിരാഹാര സമരം ഇപ്പോഴും തുടർന്നു വരുന്നുണ്ട്. |
| (സി) | പ്രസ്തുത സമരത്തിലൂടെ ഉന്നയിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതികൾ അഞ്ച് വർഷം കൊണ്ട് നിർത്തിവയ്ക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കുക, ജില്ലയിലെ അർഹരായ മുഴുവൻ രോഗികളെയും ലിസ്റ്റിൽ ഉൾപ്പെടുത്തി ചികിത്സയും സഹായവും നൽകുക, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ അടിയന്തിരമായും നടപ്പിലാക്കുക, ആവശ്യമായ ബഹുമുഖ സംവിധാനങ്ങൾ കാസർഗോഡ് ജില്ലയിൽ തന്നെ ഏർപ്പെടുത്തുക, ട്രൈബ്യൂണൽ സ്ഥാപിക്കുക, പുനരധിവാസം ശാസ്ത്രീയമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുക, ജൈവ കാർഷിക നയം നടപ്പിലാക്കുക, ദുരിതബാധിതരുടെ കട ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കുക. ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്യുക തുടങ്ങിയവയാണ് സമരസമിതി ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ. |
| (ഡി) | പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന റിയിക്കുമോ; | (ഡി) | എൻഡോസൾഫാൻ ജനകീയ പീഡിത മുന്നണി 2013 ഫെബ്രുവരി 18 മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുന്ന കാര്യം അറിയിച്ചു കൊണ്ട് ജില്ലാ കളക്ടർക്ക് കത്ത് സമർപ്പിച്ചിരുന്നു. തുടർന്ന് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നേതാക്കളുമായി ജില്ലാ കളക്ടർ 13.02.13 ന് ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ പീഡിത ജനകീയ മുന്നണി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ ഇതുവരെ ജില്ലയിൽ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ കളക്ടർ സമരസമിതി മുമ്പാകെ വിശദീകരിച്ചു. സമര സമിതി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ പലതും ഇതിനകം നടപ്പാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട തായിട്ടുള്ള ആവശ്യങ്ങൾ ജില്ലാ കളക്ടർ സർക്കാരിലേക്ക് സമർപ്പിക്കുകയും ഈ വിഷയങ്ങൾ സർക്കാർ പരിശോധിച്ചു വരികയും ചെയ്യുന്നു. 26.02.2013 ന് ജില്ലാ കളക്ടറും എൻഡോസൾഫാൻ സ്പെഷ്യൽ സെല്ലിലെ ഡെപ്യൂട്ടി കളക്ടറും സമരക്കാരെ സന്ദർശി ക്കുകയും അവരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. കൂടാതെ സർക്കാർ നിർദ്ദേശ |

| | | | |
|---|---|---|---|
| | | | ത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കാസർഗോഡ് എം.എൽ.എ ആയ ശ്രീ.എൻ.എ.നെല്ലിക്കുന്ന് 28.02.2013 ന് സമരക്കാരെ സന്ദർശിക്കുകയും സമരക്കാരുടെ ആവശ്യങ്ങൾ അനുഭാവ പൂർവം പരിഗണിച്ച് ഉന്നതലയോഗം വിളിക്കുവാൻ സർക്കാർ തയ്യാറാണെന്ന് സമരസമിതിയെ അറിയിക്കുകയും ചെയ്തിരുന്നു. |
| (ഇ) | സമരക്കാരുടെ ഏതെങ്കിലും ആവശ്യങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) & (എഫ്) | <u>സമരസമിതി ഉന്നയിച്ച ആവശ്യങ്ങളും സ്വീകരിച്ച നടപടികളും</u><br><u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതികൾ 5 വർഷം കൊണ്ട് നിർത്തി വയ്ക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കുക</u><br>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതികൾ 5 വർഷം കൊണ്ട് നിർത്തിവയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സമര സമിതി സൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ അവ്യക്തത നീക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ നൽകിയ കത്ത് സർക്കാർ പരിശോധിച്ച് വരുന്നു.<br><u>ജില്ലയിലെ അർഹരായ മുഴുവൻ രോഗികളേയും ലിസ്റ്റിൽ ഉൾപ്പെടുത്തി ചികിത്സയും സഹായവും നൽകുക</u><br>എൻഡോസൾഫാൻ ദുരിതബാധിതരായ 4182 പേരുടെ പട്ടിക ജില്ലയിൽ തയ്യാറാക്കുകയും നിലവിലുള്ള പട്ടികയിൽ ഉൾപ്പെട്ട 4182 പേർക്ക് പെൻഷനും സൗജന്യ ചികിത്സ സഹായവും അനുവദിച്ച് വരുന്നുണ്ട്. കൂടാതെ മറ്റ് ദുരിതബാധിതരെ കണ്ടെത്തു |
| (എഫ്) | പ്രസ്തുത സമരക്കാരുടെ നിരാകരിക്കപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ന്നതിലേക്കായി 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും 1115 പേരുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയിട്ടും ഉണ്ട്.<br>**ആവശ്യമായ ബഹുമുഖ ചികിത്സ സംവിധാനങ്ങൾ കാസർഗോഡ് ജില്ലയിൽ തന്നെ ഏർപ്പെടുത്തുക**<br>ദുരിതബാധിതർക്ക് ചികിത്സയ്ക്കായി ആശുപത്രികളിൽ പോകുന്നതിനായി വാഹന സൗകര്യവും പൂർണ്ണമായും കിടപ്പിലായവർക്ക് ഹോം ബേസ്ഡ് പാലിയേറ്റീവ് കെയർ സൗകര്യവും വിദഗ്ധ ഡോക്ടർമാരടങ്ങിയ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായവും അനുവദിച്ച് വരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ ജനറൽ ഹോസ്പിറ്റലും കാഞ്ഞങ്ങാട് ജില്ല ആശുപത്രിയിലും അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ജനറൽ ഹോസ്പിറ്റലിൽ ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.<br>**ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ അടിയന്തിരമായും നടപ്പിലാക്കുക**<br>എൻഡോസൾഫാൻ ദുരിത ബാധിതരായവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ച വർക്കും മരണപ്പെട്ടവരുടെ ബന്ധുക്കൾക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ വീതവും |

അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 1602 പേർക്ക് ധനസഹായം താഴെ പറയും പ്രകാരം ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്.

പൂർണ്ണമായും കിടപ്പിലായവർ - 180 പേർക്ക്
(1.5 ലക്ഷം രൂപ വീതം)

ബുദ്ധിമാന്ദ്യം സംഭവിച്ചവർ - 793 പേർക്ക്
( 1.5 ലക്ഷം രൂപ വീതം)

ശാരീരിക വൈകല്യമുള്ളവർ - 629 പേർക്ക്
( 1 ലക്ഷം രൂപ വീതം)

എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ട 734 പേരിൽ അനന്തരാവകാശികളുടെ വിവരങ്ങൾ ലഭ്യമായ 400 പേർക്ക് നഷ്ടപരിഹാരത്തിന്റെ ആദ്യ ഗഡുവായ 1.5 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യത്തിൽ അനന്തരാവകാശികളുടെ വിവരങ്ങൾ ലഭ്യമാക്കി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ജൈവ പുനസ്ഥാപനം നടത്തുക, ജൈവ കാർഷിക നയം നടപ്പിലാക്കുക</u>

കാസർഗോഡ് ജില്ലയെ സർക്കാർ ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

<u>പുനരധിവാസം ശാസ്ത്രീയമായി നടപ്പിലാക്കുക</u>

പുനരധിവാസം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദുരിതബാധിതർക്ക് സൗജന്യ ചികിത്സ , പെൻഷൻ, സൗജന്യ റേഷൻ , വിദഗ്ധ ചികിത്സയ്ക്കായി

| | | | |
|---|---|---|---|
| | | | പ്രമുഖ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള 12 എംപാനൽഡ് ആശുപത്രികളിൽ സൗകര്യം, ബഡ്സ് സ്കൂളുകൾ തുടങ്ങിയ സൗകര്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം അനുവദിച്ചു വരുന്നുണ്ട്.<br><u>ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്യുക, നിർവീര്യമാക്കുക</u><br>ഗോഡൗണുകളിലെ എൻഡോസൾഫാൻ യു.എൻ. അംഗീകൃത ബാരലുകളിലേക്ക് മാറ്റി സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത കീടനാശിനി HIL ന്റെ സഹകരണത്തോടെ നിർവീര്യമാക്കുന്നതിനായി പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.<br>സമര സമിതി ഉന്നയിച്ച ആവശ്യങ്ങളിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ